# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1266** **05.03.2020-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികൾക്കുള്ള വീടുകളുടെ നിർമ്മാണം

| ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റടക്കം എത്ര വീടുകൾ നിർമ്മിച്ച് നൽകിയെന്ന് വ്യക്തമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 മുതൽ 2017-18 വരെ വിവിധ പദ്ധതികളിലായി ആകെ 5563 പേർക്ക് ഭവന നിർമ്മാണ ധനസഹായം ഫിഷറീസ് വകുപ്പ് മുഖേന അനുവദിച്ചു. ഇതിൽ 3936 പേർക്ക് ഭവനം പൂർത്തീകരിച്ചു. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 192 വീടുകൾ ഫ്ലാറ്റ് നിർമ്മിച്ചു നൽകിയതും പൂർത്തീകരിച്ച വീടുകളിൽ ഉൾപ്പെടും. 2017-18 മുതൽ ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. ലൈഫ് മിഷൻ മുഖേന 1317 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഇതുവരെ വീടുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ 4883 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പട്ടിക ലൈഫ് മിഷൻ മുഖേന വീട് നൽകുന്നതിന് ഫിഷറീസ് വകുപ്പ് കൈമാറിയിട്ടുണ്ട്. |
| ബി) നിലവിൽ എത്രയെണ്ണത്തിന്റെ നിർമ്മാണം നടക്കുന്നുണ്ടെന്നും തുടർന്ന് എത്ര വീടുകൾ കൂടി നിർമ്മിച്ചു നൽകാനാണ് ആലോചിക്കുന്നതെന്നും വ്യക്തമാക്കാമോ? | ബി) 2016-17 മുതൽ വിവിധ പദ്ധതികളിലായി ആകെ 5563 പേർക്ക് ഭവനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുകയും വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട 4718 പേരിൽ 3936 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 782 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

| ക്രമ നം. | പദ്ധതി | യൂണിറ്റ് | എഗ്രിമെന്റിൽ ഏർപ്പെട്ടവരുടെ എണ്ണം | നിർമ്മാണം പൂർത്തീകരിച്ച വരുടെ എണ്ണം | പൂർത്തീകരി ക്കാനുള്ളത് |
|---|---|---|---|---|---|
| 1 | ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2016-17) | 2600 | 2535 | 2311 | 224 |
| 2 | ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2016-17) ഫിഷർമെൻ കോളനി നവീകരണം | 250 | 235 | 216 | 19 |
| 3 | ബ്ലൂ റവല്യൂഷൻ (2016-17) | 299 | 275 | 225 | 50 |
| 4 | കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ പുനരധിവാസം | 248 | 129 | 117 | 12 |
| 5 | ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2017-18) സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം | 750 | 450 | 274 | 176 |
| 6 | ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2017-18) ഭവന നിർമ്മാണ ധനസഹായം | 1200 | 880 | 591 | 289 |
| 7 | ഓഖി പുനരധിവാസം | 24 | 22 | 15 | 7 |
| | ആകെ | 5371 | 4526 | 3749 | 777 |

കൂടാതെ തിരുവനന്തപുരം മുട്ടത്തറയിൽ 192 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് നിർമ്മാണം പൂർത്തീകരിച്ച് 192 പേർക്കും കൈമാറിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ബി.ഐ.എഫ് & എച്ച്.ഡി.എഫ് (201819) ൽ ഉൾപ്പെടുത്തി 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് നിർമ്മാണത്തിന് 78.20 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| ക്രമ നം. | ജില്ല | സ്ഥലം | യൂണിറ്റ് | പദ്ധതിയുടെ നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | കാരോട് | 128 | നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു |
| 2 | തിരുവനന്തപുരം | ബീമാപള്ളി | 24 | നിർമ്മാണ പ്രവൃത്തികൾക്കായി ULCCS യുമായി 13.02.2010 കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ആഫീസർ